വാരാന്ത്യപതിപ്പ് ലക്കം-61 | JULY 17 - JULY 23

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ


അന്താരാഷ്ട്ര നീതിന്യായ ദിനം
പേജ് 1

ലോക നെൽസൺ മണ്ടേല ദിനം
പേജ് 2

ലോക ചെസ്സ് ദിനം
പേജ് 2

ദേശീയ ചാന്ദ്ര ദിനം
പേജ് 3

ദേശീയ പ്രക്ഷേപണ ദിനം
പേജ് 4

അക്ഷരാഗ്നി
പേജ് 4

ചോദ്യം ഉത്തരം
പേജ് 5

ചിന്താവിഷയം





## അന്താരാഷ്ട്ര നീതിന്യായ ദിനം

# എൻ.എസ്.എസ്. വാർത്തകൾ

## അന്താരാഷ്ട്ര നീതിന്യായ ദിനം

ജൂലൈ പതിനേഴ് അന്താരാഷ്ട്ര നീതിന്യായ ദിനം ആചരിച്ചു. എല്ലായ്പ്പോഴും നീതിയെ പിന്തുണയ്ക്കുന്നവർ, ഇരകളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നവർ, സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർ എന്നിവരാണ് ഈ ദിനം ആചരിക്കുന്നത്. 1998 മുതൽ എല്ലാ വർഷവും ലോക അന്താരാഷ്ട്ര നീതിന്യായ ദിനം ആഘോഷിച്ചു വരുന്നു.''റോം ചട്ടം'' ചരിത്രപരമായി അംഗീകരിച്ചതിന്റെയും അന്താരാഷ്ട്ര ക്രിമിനൽ കോടതി സ്ഥാപിച്ചതിന്റെയും വാർഷികം കൂടിയാണ് ഈ ദിവസം. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.

## ലോക നെൽസൺ മണ്ടേല ദിനം

ജൂലൈ പതിനെട്ടാം തിയ്യതി ലോക നെൽസൺ മണ്ടേല ദിനം ആചരിച്ചു.ദക്ഷിണാഫ്രിക്കയെ വർണവിവേചനത്തിൽ നിന്ന് മോചിപ്പിച്ച ആ കറുത്ത വർഗക്കാരനായ മുൻ പ്രസിഡന്റിന്റെ ബഹുമാനാർത്ഥമാണ് എല്ലാ വർഷവും ഈ ദിനം നെൽസൺ മണ്ടേല ദിനമായി ആചരിക്കുന്നത്. സാമൂഹിക നീതിക്കും ജനാധിപത്യത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ 67 വർഷം നീണ്ട പോരാട്ടം ഓർമിപ്പിച്ച് '67 മിനിറ്റ് മണ്ടേല ദിനം' എന്നും ജൂലൈ 18 അറിയപ്പെടുന്നു. 2009 ലാണ് യുഎൻ ഇത് ഔദ്യോഗികമായി ആഘോഷിച്ചു തുടങ്ങിയത്.ദക്ഷിണാഫ്രിക്കയുടെ രാഷ്ട്ര പിതാവാണ് നെൽസൺ മണ്ടേല. രാജ്യത്തിന്റെ കറുത്ത വർഗക്കാരനായ ആദ്യ തലവൻ. ഒരു മനുഷ്യാവകാശ പോരാളി, അന്താരാഷ്ട്ര സമാധാന വാഹകൻ, സ്വതന്ത്ര ദക്ഷിണാഫ്രിക്കയുടെ ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രസിഡന്റ് എന്നീ നിലകളിൽ മനുഷ്യരാശിക്കായി പൂർണമായും ഉഴിഞ്ഞു വെച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ലോക ചെസ്സ് ദിനം

എൻ എസ് എസ് ജൂലൈ ഇരുപത് ബുധൻ ലോക ചെസ്സ് ദിനം ആചരിച്ചു. **1924** ൽ പാരീസിൽ ഇന്റർനാഷണൽ ചെസ്സ് ഫെഡറേഷൻ സ്ഥാപിതമായതിന്റെ ഓർമയ്ക്കായാണ് അന്താരാഷ്ട്ര ചെസ്സ് ദിനം ആഘോഷിക്കുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# ദേശീയ ചാന്ദ്ര ദിനം

ജൂലൈ ഇരുപത് ദേശീയ ചാന്ദ്ര ദിനം ആചരിച്ചു. മനുഷ്യൻ ആദ്യമായി ചന്ദ്രനിലിറങ്ങിയതിനെ ആദരിക്കുന്നതും അതിന്റെ വാർഷികം ആഘോഷിക്കുന്നതുമാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ദേശീയ പ്രക്ഷേപണ ദിനം

ജൂലൈ ഇരുപത്തിമൂന്ന് ദേശീയ പ്രക്ഷേപണ ദിനമായി ആചരിച്ചു. ഇന്ത്യയിൽ ആദ്യമായി സംപ്രേഷണം ചെയ്ത റേഡിയോ പ്രക്ഷേപണത്തിന്റെ സ്മരണയ്ക്കായാണ് ഈ ദിനം ആഘോഷിക്കുന്നത്. **1927** ജൂൺ **23**നാണ് ബോംബെ സ്റ്റേഷനിൽ നിന്ന് ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി **(**ഐബിസി**)** റേഡിയോ പ്രക്ഷേപണം ആരംഭിച്ചത്. ദിനത്തോടനുബന്ധിച്ച് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.



## ചോദ്യം ഉത്തരം

എൻ എസ് എസ് നിയന്ത്രിക്കുന്ന ദേശീയ തലവൻ ആരാണ്?

-പ്രോഗ്രാം അഡ്വൈസർ, എൻഎസ്എസ്, ന്യൂഡൽഹി

## അക്ഷരാഗ്നി

ഫാത്തിമ ലിന





# ചിന്താവിഷയം

നിങ്ങളുടെ ജീവിതത്തെ മറ്റൊരാളുടേതുമായിട്ട് താരതമ്യം ചെയ്യരുത്. സൂര്യനെ ചന്ദ്രനുമായി താരതമ്യം ചെയ്യുന്നതിൽ അർത്ഥമില്ല. അവയുടെ സമയം വരുമ്പോൾ രണ്ടും പ്രകാശിക്കുന്നു.

- എ.പി.ജെ.അബ്ദുൾ കലാം

@nss_stc_42_144